(സി) സിൻഡിക്കേറ്റിന്റെ അനുവാദമില്ലാതെ മഞ്ചേശ്വരത്ത് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യൻ ലാൻഗ്വേജിനായി കെട്ടിടനിർമ്മാണം ആരംഭിച്ചു എന്ന ആരോപണം ശരിയാണോ ;

(ഡി) എങ്കിൽ ഇതിന് ഉത്തരവാദികളായവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ സർവ്വകലാശാലയുടെ ചട്ടവിരുദ്ധ ഇടപാടുകളിൽ 7.49 കോടി രൂപയുടെ അധിക ബാധ്യത വന്നതായി ഓഡിറ്റിൽ കണ്ടെത്തിയതായുള്ള ചില മാധ്യമ വാർത്തകൾ വന്നിരുന്നു.

(ബി) ആസ്ഥാന മന്ദിര നിർമ്മാണത്തിനായുള്ള ഭൂമി നിരപ്പാക്കലിനുമാത്രമായി പ്രത്യേക ടെൻഡർ/ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. സെൻട്രൽ ലൈബ്രറി ബിൽഡിങ്ങിനായി ക്ഷണിച്ച ടെൻഡറിൽ ഉൾപ്പെട്ടതാണ് ഭൂമി നിരപ്പാക്കലുമായി ബന്ധപ്പെട്ട പ്രവർത്തികൾ.

(സി&ഡി) ശരിയല്ല. 29-9-2011-ൽ നടന്നിട്ടുള്ള സ്റ്റാൻഡിങ് കമ്മിറ്റിയിൽ ഓൺ വർക്സ് ആൻഡ് പ്ലാനിങ് കമ്മിറ്റി മീറ്റിംഗിൽ മഞ്ചേശ്വരം കാമ്പസിനായി കെട്ടിടം നിർമ്മിക്കുവാൻ തീരുമാനിക്കുകയും പ്രസ്തുത തീരുമാനം സിൻഡിക്കേറ്റ് അംഗീകരിക്കുകയും ചെയ്തു.

ഓൺലൈൻ സംവിധാനം

50 (2541) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളെയും അവയ്ക്കുകീഴിലുള്ള കോളേജുകളേയും ബന്ധിപ്പിച്ച് കൊണ്ടുള്ള ഓൺലൈൻ സംവിധാനം നിലവിലുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ സർവ്വകലാശാലകളിലാണ് ആയത് നടപ്പാക്കിയിട്ടുള്ളത് ;

(സി) ഇല്ലെങ്കിൽ 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പ്രസ്തുതകാര്യം നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) സർവ്വകലാശാലകളെയും കോളേജുകളെയും ഓൺലൈൻമുഖേന ബന്ധിപ്പിച്ചുകൊണ്ടുള്ള ഇ-ഗവേണൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനുള്ള ടെന്റർ നടപടികൾ പൂർത്തീകരിച്ച് കരാർ നൽകിയിട്ടുണ്ട്. സർവ്വകലാശാലകളിലും കോളേജ് വിദ്യാഭ്യാസവകുപ്പിലും സാങ്കേതിക വിദ്യാഭ്യാസവകുപ്പിലും നടപ്പാക്കുന്ന ഈ പദ്ധതി പുരോഗമിച്ചുവരുന്നു.

സാങ്കേതിക സർവ്വകലാശാല

51 (2542) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ സാങ്കേതിക സർവ്വകലാശാല എന്നുമുതൽ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ ; ഇതിനായി എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(ബി) സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും സർവ്വകലാശാലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ ;

(സി) സാങ്കേതിക സർവ്വകലാശാല നിലവിൽ വരുമ്പോൾ സംസ്ഥാനത്ത് ഏകീകൃതമായ സിലബസ്സും പരീക്ഷാ സമ്പ്രദായവുമാണോ നിലവിൽ വരുന്നതെന്ന് അറിയിക്കാമോ ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(ഡി) പ്രസ്തുത സർവ്വകലാശാലയിലേയ്ക്ക് ജീവനക്കാരുടെ നിയമനങ്ങൾ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കേരള ശാസ്ത സാങ്കേതിക സർവ്വകലാശാല 2014 സെപ്റ്റംബർ മാസം വൈസ്-ചാൻസലറും പ്രൊ-വൈസ്-ചാൻസലറും ചുമതലയേറ്റതോടുകൂടി പ്രവർത്തനം ആരംഭിച്ചു തുടർന്ന് രജിസ്ട്രാറും കൺട്രോളർ ഓഫ് എക്സാമിനേഷൻസും നിയമിതരായി.

(ബി) മറ്റ് സർവ്വകലാശാലകൾ നേരിട്ടു നടത്തുന്നവയല്ലാത്തതും എ.ഐ.സി.ടി.ഇ, സർക്കാർ എന്നിവയുടെ അംഗീകാരമുള്ളതുമായ എം.ടെക്, ബി.ടെക് കോഴ്സുകൾ നടത്തുന്ന എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും സർവ്വകലാശാലയോട് പ്രൊവിഷണലായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.